# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: * 211 — 09.03.2017-ൽ മറുപടിക്ക്

### വനാവകാശ നിയമത്തിന്റെ അടിസ്ഥാനത്തിൽ ആദിവാസി വിഭാഗക്കാർക്ക് ഭൂമി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.പി.ടി. തോമസ്<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ<br>ശ്രീ. എ.പി. അനിൽ കുമാർ | | ശ്രീ. എ.കെ. ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | വനാവകാശ നിയമം പൂർണ്ണ തോതിൽ സംസ്ഥാനത്ത് പ്രാവർത്തികമാക്കിയിട്ടുണ്ടോ; | എ) | വനാവകാശ നിയമം പൂർണ്ണ തോതിൽ സംസ്ഥാനത്ത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുകയാണ്. |
| ബി) | ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ ഇതുവരെ എത്രപേർക്ക് ഭൂമിയിൽ അവകാശം നൽകി; | ബി) | സംസ്ഥാനത്താകെ വനാവകാശ നിയമപ്രകാരം 25,081 പേർക്ക് 33,778 ഏക്കർ സ്ഥലം വിതരണം ചെയ്തിട്ടുണ്ട്. ഇതിനു പുറമെ 164 സാമൂഹിക അവകാശങ്ങൾക്ക് (കമ്മ്യൂണിറ്റി റൈറ്റ്സ്) അംഗീകാരം നൽകിയിട്ടുണ്ട്.<br>469 അപേക്ഷകളിന്മേൽ 204 ഏക്കർ ഭൂമിയ്ക്ക് വികസന അവകാശങ്ങൾക്ക് (ഡെവലപ്മെന്റ് റൈറ്റ്സ്) അംഗീകാരം നൽകിയിട്ടുണ്ട്.<br>സംസ്ഥാനത്ത് വനാവകാശ നിയമം നടപ്പാക്കുന്നതിന്റെ ഭാഗമായി ഒട്ടാകെ 38,164 അപേക്ഷകൾ ലഭിച്ചിരുന്നു. 2006-11 കാലഘട്ടത്തിൽ 36,123 അപേക്ഷകളും 2011-16-ൽ 943 അപേക്ഷകളും 2016-17-ൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം 1098 അപേക്ഷകളും ആണ് ലഭിച്ചത്. 8008 അപേക്ഷകൾ നിരസിക്കപ്പെട്ടു. വിതരണം ചെയ്യാൻ ബാക്കിയുള്ള 4075 അപേക്ഷകളിൽ ഇപ്പോൾ നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു വരുന്നു. ഇത് 31.03.2017-നകം നടപടി ക്രമങ്ങൾ പൂർത്തീകരിച്ച് വിതരണം ചെയ്യുണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>2006-11 എൽ.ഡി.എഫ് സർക്കാർ കാലത്ത് ഒട്ടാകെ 16,723 പേർക്ക് 20,502 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. അക്കാലത്ത് നടപടി ക്രമങ്ങൾ പൂർത്തീകരിച്ച 5720 പേർക്ക് 2011-16 കാലഘട്ടത്തിലാണ് കൈവശാവകാശ രേഖകൾ നൽകിയത്. 2011-16 കാലത്ത് നടപടി ക്രമങ്ങൾ പൂർത്തീകരിച്ചു നൽകിയ 2502 അടക്കം ഒട്ടാകെ 8222 പേർക്കാണ് ഈ സമയത്ത് ആർ.ഒ.ആർ നൽകിയത്. |
| സി) | വനാവകാശ നിയമം നടപ്പിലാക്കു ന്നതിൽ വനം വകുപ്പിന്റെ ഭാഗത്തു നിന്നും ഏതെങ്കിലും തരത്തിലുള്ള എതിർപ്പ് ഉണ്ടാകുന്നുണ്ടോ; വിശദ മാക്കാമോ: | സി) | വനാവകാശ നിയമ പ്രകാരം ജില്ലാതല സമിതിയിൽ (ഡി.എൽ.സി) താഴെപ്പറയുന്ന സ്ഥലങ്ങളിൽ നിലവിലുള്ള ക്ലെയിമുകളെ സംബന്ധിച്ച് വനംവകുപ്പ തർക്കങ്ങൾ ഉന്നയിച്ചിട്ടുണ്ട്.<br>1. പത്തനംതിട്ട ജില്ലയിലെ ചാലക്കയം, മൂഴിയാർ മേഖലകളിൽ 25 മലമ്പണ്ടാര സമുദായത്തിൽ പ്പെട്ടവർക്ക് വനാവകാശം നൽകുന്നതിന് വനം വകുപ്പിന്റെ എതിർപ്പ് കാരണം കഴിഞ്ഞിട്ടില്ല.<br>2. എറണാകുളം ജില്ലയിലെ താലൂക്കിലെ |

| | | | |
|---|---|---|---|
| | | | പുനരധിവാസ കോളനിയിൽ സ്ഥലത്തിന്റെ അവകാശം സംബന്ധിച്ച് കോളനിക്കാരും വനം വകുപ്പുമായി തർക്കം നില നിൽക്കുന്നുണ്ട്.<br>3. തൃശ്ശൂർ ജില്ലയിൽ ഒളകര കോളനിയിലെ 40 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനം വകുപ്പിന്റെ എതിർപ്പ് മൂലം വനാവകാശ രേഖ നൽകുവാൻ കഴിഞ്ഞിട്ടില്ല.<br>4. പാലക്കാട് ജില്ലയിൽ ജില്ലാതല കമ്മിറ്റി അംഗീകരിച്ച് വനാവകാശരേഖ നൽകുന്നതിന് അനുമതി നൽകിയിരുന്ന ക്ലെയിമുകളിൽ 63 ക്ലെയിമുകൾ പിന്നീട് വനം വകുപ്പ് എതിർപ്പ് ഉന്നയിച്ചതിനെ തുടർന്ന് വിതരണം ചെയ്യാൻ കഴിഞ്ഞിട്ടില്ല. പാലക്കാട് ജില്ലയിലെ കടപ്പാറയിൽ വനാവകാശം നൽകുന്നതിനുള്ള അപേക്ഷ ജില്ലാതല കമ്മിറ്റി പാസ്സാക്കിയിട്ടും വനം വകുപ്പ് അധികൃതരുടെ തടസ്സവാദം മൂലം നൽകുവാൻ കഴിഞ്ഞിട്ടില്ല. |
| ഡി) | ഉപജീവനത്തിന് വനത്തെ ആശ്രയിക്കുന്ന കൊറഗ സമുദായം ഉൾപ്പെടുന്ന കാസർ ഗോഡ് ജില്ലയിൽ, വനാവകാശ നിയമം ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | ഡി) | കാസർഗോഡ് വനം ഡിവിഷനിൽ വനാവകാശ നിയമം നടപ്പിലാക്കിയിട്ടില്ല. കാസർഗോഡ് വനം ഡിവിഷന്റെ പരിധിക്കകത്ത് പട്ടികവർഗ്ഗക്കാർ താമസിക്കുന്ന കോളനികളോ സെറ്റിൽമെന്റുകളോ ഇല്ലായെന്ന് വനം വകുപ്പ് അധികൃതർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കൊറഗ വിഭാഗക്കാർ വനമേഖലയോട് ചേർന്ന് ജീവിച്ചു വരുന്നവരല്ല. അവരുടെ പരമ്പരാഗത തൊഴിലായ കൊട്ടനെയ്ത്തിന് ആവശ്യമായ വള്ളികൾ ശേഖരിക്കുന്നതിന് കർണ്ണാടക സംസ്ഥാനത്തെ സുള്ള്യ പ്രദേശത്തെ വനത്തെ ആശ്രയിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രാദേശികമായി ശേഖരിച്ചു വരികയാണ്. |
| ഇ) | ആദിവാസി വിഭാഗത്തിൽപ്പെടുന്ന അർഹതയുള്ള എല്ലാവർക്കും ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സമയബന്ധിതമായി ഭൂമി ലഭ്യമാക്കുമോ എന്നറിയിക്കാമോ? | ഇ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന അർഹതയുള്ള എല്ലാപേർക്കും വനാവകാശ നിയമ പ്രകാരമുള്ള ഭൂമി സമയബന്ധിതമായി നൽകുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചു വരുന്നു, ഇതിന്റെ ഭാഗമായി ഇനി വിതരണം പൂർത്തീകരിക്കാനുള്ള 4075 അപേക്ഷകളിൽ 31.03.2017-നകം നടപടികൾ പൂർത്തീകരിക്കാൻ ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പിനു ശേഷം കാലഹരണപ്പെട്ട സബ് ഡിവിഷൻ, ജില്ലാതല സമിതികൾ പുന:സംഘടിപ്പിച്ച ശേഷം 136 പേർക്ക് കൂടി 705 ഏക്കർ സ്ഥലത്തിനുള്ള ആർ.ഒ.ആർ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ